(ബി) ഇതിനായി എത്ര മെഡിക്കൽ കോളേജുകൾ പുതുതായി സ്ഥാപിക്കാൻ അനുമതി നൽകിയെന്നും എത്ര സീറ്റുകളുടെ വർദ്ധനയുണ്ടാകുമെന്നും വ്യക്തമാക്കുമോ ;

(സി) പുതുതായി അനുവദിച്ചവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത പ്പെടുത്തി, മെഡിക്കൽ കൗൺസിൽ അംഗീകാരം നേടിയെടുക്കാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മെഡിക്കൽ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുകയും എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ഈ മൂന്ന് കോളേജുകളിലായി 762 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ജനറൽ ആശുപത്രി കാമ്പസിലും കോന്നിയിലും പുതിയ രണ്ട് മെഡിക്കൽ കോളേജുകൾ ആരംഭി ക്കുന്നതിന് 108 തസ്തികകൾ വീതം സൃഷ്ടിക്കുകയുണ്ടായി. ഈ കോളേജുകളിൽ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മെഡിക്കൽ കൗൺസിൽ മാനദണ്ഡം അനുസരിച്ചുള്ള ഉപകരണങ്ങളും കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും ഓരോ വർഷവും പഠനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.

(ബി) പുതുതായി ആരംഭിക്കാൻ അനുമതി നൽകിയ കോളേജുകൾ- ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി-100 സീറ്റ്, ഗവൺമെന്റ് മെഡിക്കൽ കോളേജ്, ഇടുക്കി-50 സീറ്റ്, സർക്കാർ ഏറ്റെടുത്ത എറണാകുളം മെഡിക്കൽ കോളേജ്-100 സീറ്റ്.

(സി) ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**നഷ്ടമായ എം.ബി.ബി.എസ്. സീറ്റുകൾ**

**82 (4885)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തതിനാൽ എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര സീറ്റാണ് നഷ്ടമായത് ; പ്രസ്തുത സീറ്റുകൾ നിലനിർത്താൻ കഴിയാഞ്ഞതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

സീറ്റുകൾ നഷ്ടപ്പെട്ടിട്ടില്ല.

**ആലപ്പുഴ മെഡിക്കൽ കോളേജ്**

**83 (4886)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹു.മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത യോഗ തീരുമാനത്തിന്റെ നടപടിക്കുറിപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി 8-7-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

**പരിയാരം ആയുർവേദ കോളേജ് ആശുപത്രിയിലെ പ്രവൃത്തികൾ**

**84 (4887)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരധികാരമേറ്റശേഷം കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ ഏതൊക്കെ പ്രവൃത്തികൾക്കും പ്രോജക്ടുകൾക്കുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്, ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവയും പൂർത്തിയാക്കാൻ ബാക്കിയുള്ളവയുടെയും വിശദാംശം നൽകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly